**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് – ബാർബർ ഷോപ്പ് നവീകരണ ധനസഹായ പദ്ധതി, മുനിസിപ്പാലിറ്റി കോർപ്പറേഷൻ പരിധികളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.45/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 03.07.2020.

==========================================================================

പരാമർശം :-
1. 01.12.2015 -ലെ സ.ഉ.(കൈ)നം.15/2015/പി.സ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 30.05.2019-ലെ സ.ഉ.(സാധാ)നം.49/2019/പി.വി.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
3. 30.12.2019 -ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ബി.സി.ഡി.ഐ.ആർ//ബി3/439/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഒ.ബി.സി.പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള തൊഴിൽ നവീകരണ ഗ്രാന്റ് പദ്ധതി നടത്തിപ്പിന് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനാണ് സഹായം അനുവദിച്ച് വന്നിരുന്നത്.

2. 2019-20 -ലെ വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ടി പദ്ധതിയുടെ നടത്തിപ്പിനായി പരാമർശം 2 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. 2015-16 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഈ പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിന്നുള്ള അർഹരായ അപേക്ഷകരിൽ ഭൂരിഭാഗം പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ബാർബർ ഷോപ്പ് നവീകരണ ധനസഹായ പദ്ധതി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധികളിലേയ്ക്ക് വ്യാപിപ്പിക്കാവുന്നതാണെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് പ്രദേശങ്ങളിലുള്ളവർക്ക് മുൻഗണന നൽകുമെന്ന് നിഷ്കർഷിക്കുന്ന ബാർബർ ഷോപ്പ് നവീകരണ ധനസഹായ പദ്ധതിയിൽ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ അർഹരായവർക്ക് ആനുകൂല്യം ഉറപ്പ് വരുത്തിയ ശേഷം പദ്ധതി മാനദണ്ഡമനുസരിച്ച് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധികളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിന്, ഈ പദ്ധതിക്ക് അധിക തുക വകയിരുത്തുന്നതല്ല എന്ന വ്യവസ്ഥയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [WW1/13/2020, dated 26.02.2020 പ്രകാരം]
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (Plg A1/42/2020/Plg, dated 12.06.2020 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി